# എ കെ കെ ആർ ബോയ്സ് ഹൈസ്ക്കൂൾ, ചേളന്നൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

# എ കെ കെ ആർ ബോയ്സ് ഹൈസ്ക്കൂൾ, ചേളന്നൂർ

| | | |
|---|---|---|
| UDISE Code | : | 32040200615 |
| School Code | : | 17073 |
| ഫോൺ നമ്പർ | : | 0495 2260259 |
| വില്ലേജിന്റെ പേര് | : | ചേളന്നൂർ |
| ക്ലസ്റ്ററിന്റെ പേര് | : | ജി എൽ പി എസ് ചേളന്നൂർ,താമരശ്ശേരി |
| പഞ്ചായത്തിന്റെ പേര് | : | ചേളന്നൂർ |
| ബ്ലോക്കിന്റെ പേര് | : | ചേളന്നൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | ചേവായൂർ |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| മാനേജർ | : | എ കെ രമണി |
| പ്രധാനാദ്ധ്യാപിക | : | പി ഡി ദീപ |
| പി ടി എ പ്രസിഡന്റ് | : | ഇബ്ത്തിസ |
| അധ്യയന വർഷം | : | 2025-26 |

# ആമുഖം

ഒരു നാടിന്റെ സാമൂഹികവും സംസ്കാരികവും സാമ്പത്തികവുമായ പുരോഗതിയെ നിർണയിക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. 1957 ൽ കേരളത്തിൽ പ്രത്യേകിച്ച് മലബാർ മേഖലയിൽ വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സ്ഥാപിതമായ ഹൈസ്കൂളുകളിൽ ഒന്നാണ് എ കെ കെ ആർ ഹൈസ്കൂൾ. 1957 ജൂൺ മൂന്നാം തിയ്യതി 241 ആൺ കുട്ടികളും 61 പെൺകുട്ടികളുമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം വിദ്യാർത്ഥികളുടെ വർദ്ധനവ് കാരണം ബോയ്സ് , ഗേൾസ് എന്നീ വിഭാഗങ്ങളായി വിഭജിക്കപ്പെടുകയും ചെയ്തു.

സ്കൂളിനായി തച്ചനാത്ത് കുടുംബാഗങ്ങൾ സൗജന്യമായി വിട്ടുകൊടുത്ത ആറു ഏക്കറോളം വരുന്ന സ്ഥലത്ത് 1957 മെയ് 19 തിയ്യതി അന്നത്തെ ജില്ലാ കളക്ടർ ആയ ബഹു കെ കെ രാമൻ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തുകയും തുടർന്ന് 1957 ജൂൺ 2 തിയ്യതി പണി പൂർത്തീകരിച്ച ഒന്നാം ബ്ലോക്കിന്റെ ഉദ്ഘാടനം ജില്ലാ വിദ്യാഭ്യാസ ഓഫീസറായ ബഹു കെ നാരായണൻ നമ്പ്യാർ നിർവഹിക്കുകയും ചെയ്തു .

അദ്ധ്യാപകൻ, അഭിഭാഷകൻ ,സാമൂഹ്യ പ്രവർത്തകൻ ,നിയമസഭാ സാമാജികൻ, വിദ്യാഭ്യാസ വിചക്ഷണൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്ന ബഹു. എ കെ അപ്പുമാസ്റ്ററാണ് സ്ഥാപക മാനേജർ . ഈ വിദ്യാലയത്തിന്റെ രൂപീകരണത്തിലും വളർച്ചക്കും സ്ഥാപക മാനേജരോടൊപ്പം മറ്റു മഹദ് വ്യക്തിത്വകളുടെയും പങ്ക് വിസ്മരിക്കാനാവില്ല.

ഇപ്പോൾ ശ്രീമതി എ കെ രമണി ആണ് സ്കൂളിന്റെ മാനേജർ. ബോയ്സ് ഹൈസ്കൂൾ പ്രധാനാദ്ധ്യാപികയായി ശ്രീമതി പി ഡി ദീപ പ്രവർത്തിച്ചുവരുന്നു.

മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ മാനേജ്മെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട് . ക്ലാസ് റൂം ലൈബ്രറി ലാബ് കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നിലവിൽ സ്കൂൾ കുട്ടികൾക്കായി ബസ് സൗകര്യ ഒരുക്കിയിട്ടുണ്ട്. ഭൂരിപക്ഷം കുട്ടികളും വളരെ പിന്നോക്കം നിൽക്കുന്ന സാഹചര്യത്തിൽ നിന്ന് ആണ് വരുന്നത്. അവരുടെ സാമൂഹ്യ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും അവർക്കു മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനും അദ്ധ്യാപകരോടൊപ്പം പി ടി എ ഭാരവാഹികളും ഇടപെടലുകൾ നടത്തുന്നുണ്ട് . നിലവിൽ പി ടി എ പ്രസിഡന്റ് ആയി ഇബ്ത്തിസ പ്രവർത്തിച്ചുവരുന്നു .

ഭൗതിക സഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ സത്വര നടപടികൾ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

അരനൂറ്റാണ്ടു പഴക്കമുള്ള ഈ വിദ്യാലയത്തിനെ കൂടുതൽ മെച്ചപ്പെടുത്താൻ അദ്ധ്യാപകരുടെ അനുഭവ സമ്പത്തിനോടൊപ്പം മാനേജ്മന്റ്, പി ടി എ എന്നിവരുടെ ആത്മാർത്ഥമായ സഹകരണവും പ്രതീക്ഷിക്കുന്നു.

2023 ൽ അഞ്ചു വർഷത്തേക്ക് തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ അധ്യയന വർഷത്തേക്കുള്ള പ്രത്യേക പദ്ധതികളാണ് ഇവിടെ പ്രതിപാദിക്കുന്നത് .

# പ്രവർത്തന പദ്ധതി

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീ ടെസ്റ്റ് | വിഷയ സമിതി | ജൂൺ | | പി ടി എ |
| ചോദ്യാവലിയുടെ നിർമ്മാണം | വിഷയ സമിതി | മെയ് | | പി ടി എ |
| മൂല്യനിർണയം | അദ്ധ്യാപകർ | ജൂൺ | | അദ്ധ്യാപകർ |
| റിപ്പോർട്ട് തയ്യാറാക്കൽ | അദ്ധ്യാപകർ | ജൂൺ | | അദ്ധ്യാപകർ |
| ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര മേളകൾ | ക്ലബ്ബുകൾ | സെപ്റ്റംബർ | | പി ടി എ |
| ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര ക്വിസ് | ക്ലബ്ബുകൾ | ജൂലൈ | | പി ടി എ |
| ലൈബ്രറിയിലേക്ക് പാഠപുസ്തക ശേഖരണം | പി ടി എ വിവിധ ക്ലബ്ബുകൾ | ഓഗസ്റ്റ് | | പി ടി എ |
| രക്ഷിതാക്കളുടെ യോഗം | പ്രധാനാദ്ധ്യാപിക, അദ്ധ്യാപകർ | ജൂലൈ, സെപ്റ്റംബർ , നവംബർ & ജനുവരി | | പി ടി എ |
| ഹൈടെക് ക്ലാസ്സ്മുറികൾ | മാനേജ്മന്റ് | സെപ്റ്റംബർ | | പി ടി എ & മാനേജ്മന്റ് |
| ഹൈടെക് സയൻസ് ലാബ് | മാനേജ്മന്റ് | ഒക്ടോബർ | | പി ടി എ & മാനേജ്മന്റ് |
| ഗണിതശാസ്ത്ര ലാബ് | മാനേജ്മന്റ് | ഒക്ടോബർ | | പി ടി എ & മാനേജ്മന്റ് |
| യൂണിറ്റ് ടെസ്റ്റ് | അദ്ധ്യാപകർ | ജൂലൈ , ഒക്ടോബർ , ജനുവരി | | അദ്ധ്യാപകർ |
| ക്ലാസ് റൂം ലൈബ്രറി | പി ടി എ | ജൂലൈ | | പി ടി എ & മാനേജ്മന്റ് |
| ടീച്ചേർസ് റൂം ലൈബ്രറി | അദ്ധ്യാപകർ , മാനേജ്മന്റ് | ഓഗസ്റ്റ് | | പി ടി എ & മാനേജ്മന്റ് |

# ലക്ഷ്യങ്ങൾ

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ട് പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കുട്ടിയേയും കുട്ടിയുടെ അറിവിനെയും പാഠപുസ്തകണക്കപ്പുറത്തേക്ക കൊണ്ടുവരിക എന്ന പ്രക്രിയയിൽ വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസം പഠനമാണ് വിഭാവനം ചെയ്യുന്നത് .

- 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ശേഷികൾ നേടുക
- പഠന പിന്നോക്കകാരെ കണ്ടെത്തി ആവശ്യമായ പരിഹാര ബോധന ക്ലാസുകൾ നൽകുക.
- സ്കൂൾ ലൈബ്രറി ലാബുകൾ എന്നിവ കുറ്റമറ്റതും കാര്യക്ഷമവും ആക്കുക.
- ശില്പശാലകൾ പഠന ക്ലാസുകൾ പഠനയാത്രകൾ ക്യാമ്പുകൾ പ്രൊജെക്ടുകൾ എന്നിവ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുക.
- പ്രകൃതിയെ അറിയാനും ഔഷധ സസ്യങ്ങളെ കുറിച്ചറിയനും ജൈവ വൈവിധ്യ പാർക്കുകൾ നിർമ്മിക്കുക.
- സർഗാത്മകത പരിപോഷിപ്പിക്കാനാവശ്യമായ സഹചര്യങ്ങൾ സ്കൂളിൽ ഒരുക്കുക.

- മെച്ചപ്പെട്ട ഐ സി ടി സാധ്യതകൾ ഒരുക്കുക.
- കല കായിക പ്രവർത്തിപരിചയ പഠനത്തിനവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക.
- അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്ക് പരിശീലന പരിപാടികളിൽ ആർജിച്ച അറിവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ എസ് ആർ ജി യോഗങ്ങൾ നടത്തുകയും വിവിധ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകൾ നടത്തി കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ മാർഗ്ഗനിര്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.
- എസ് ആർ ജി യോഗത്തിൽ ചുമതലകളുടെ വിഭജനം വിവിധ ദിനാഘോഷങ്ങൾ മൂല്യനിർണയം അക്കാദമിക ചർച്ചകൾ എന്നിവ നടത്തി എല്ലാ മാസാവസാനവും പ്രവർത്തന പുരോഗതി വിലയിരുത്തുന്നു.
- സംസ്ഥാന തലം വരെ വിദ്യാർത്ഥികൾക്ക് കല കായിക മത്സരങ്ങളിൽ പങ്കെടുക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

# പൊതുവിശകലനം

## പ്രശ്നങ്ങൾ

- കലാ കായിക പ്രവർത്തി പരിചയപ്രവർത്തങ്ങൾ മെച്ചപ്പെടുത്താനും ഏകോപിപ്പിക്കാനുമുള്ള അദ്ധ്യാപകരുടെ അപര്യാപ്തത.
- കുട്ടികളുടെ ഭൗതികവും സാമൂഹ്യകവുമായ വികാസത്തിനാവശ്യമായ അധികവായനക്കുള്ള സഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- വിവര സാങ്കേതിക വിദ്യാഭ്യാസത്തിലധിഷ്ഠിതമായ പഠനം മെച്ചപ്പെടുത്താൻ കംപ്യൂട്ടറുകൾ, ഇന്റർനെറ്റ്, പ്രോജെക്ടറുകൾ എന്നിവ കൂടുതൽ കാര്യക്ഷമാക്കണം.
- സയൻസ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ ലാബ് സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.
- കുടിവെള്ള ലഭ്യത കൂടുതൽ കാര്യക്ഷമമാക്കണം.
- ഉച്ച ഭക്ഷണം കുട്ടികൾക്ക് കഴിക്കാനാവശ്യമായ സ്ഥല സൗകര്യം ഏർപ്പെടുത്തണം.
- കുട്ടികളുടെ സാമൂഹ്യ പശ്ചാത്തല മെച്ചപ്പെടുത്താൻ പി ടി എ യുടെ സഹായത്തോടെ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം.

# അക്കാദമികം

- പ്രവേശന സമയത്തുതന്നെ കുട്ടികളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി ഓരോ കുട്ടിയുടെയും ഒരു പ്രൊഫൈൽ തെയ്യാറാക്കേണ്ടതും ഗൃഹസന്ദർശനത്തിലൂടെ കുട്ടികളുടെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തണം

- കുട്ടികളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലങ്ങൾ അക്കാദമിക പ്രവർത്തനങ്ങളിൽ ഒരു മുഖ്യ പങ്കുണ്ട് ഭൂരിഭാഗം കുട്ടികളുടെയും പരിമിതമായ സാമ്പത്തിക സ്രോതസ്സുകൾ കാരണം മെച്ചപ്പെട്ട പഠന വിഭവങ്ങൾ ഒരുക്കുന്നതിൽ വലിയ പ്രയാസം അനുഭവപ്പെടുന്നു ആയതിനാൽ അവരെ കൈ പിടിച്ചുയർത്താനാവസ്യമായ സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കേണ്ടതുണ്ട്

- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പൊതുപ്രശ്നങ്ങൾ രക്ഷിതാക്കളുമായി ചർച്ച ചെയ്ത് കണ്ടെത്തുകയും അതോടൊപ്പം ഓരോ കുട്ടികളെയും വിലയിരുത്തി അവരവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ റിസോഴ്സ് ടീച്ചർ ബി ആർ സി എന്നിവരുടെ പൂർണ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുക
- ഐ സി ടി സാധ്യതകൾ കൃത്യമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്താനാവശ്യമായ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക.

- സയൻസ് മാത്സ് സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളുടെ പഠനപ്രക്രിയകൾ വൈവിധ്യവും ശാസ്ത്രീയവുമാക്കാൻ ലൈബ്രറി ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് .

- വിദ്യാർത്ഥികളുടെ സർഗാത്മക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കാനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

- വിദ്യാർത്ഥികളുടെ കായിക ക്ഷമത വർധിപ്പിക്കാനും മെച്ചപ്പെട്ട കായികവിദ്യാഭ്യാസം നൽകാനും ഉദ്ദേശിച്ച് ആരംഭിച്ച എ കെ കെ ആർ സ്പോർട്സ് അക്കാഡമിയുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

- എല്ലാ കുട്ടികളും തരത്തിൽ പ്രവേശനം നേടുന്നതിന് മുൻപ് ഭാഷ വിഷയങ്ങളിൽ ആവശ്യമായ ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തണം.
- സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടേണ്ടതും അവ രക്ഷിതാക്കളിലും പൊതുസമൂഹത്തിലും എത്തിക്കേണ്ടതാണ്.

## നേട്ടങ്ങൾ

- നിലവിലെ പരിമിതമായ ഭൗതിക സഹചര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി കഴിഞ്ഞ കുറച്ചു വർഷമായി എസ് എസ് എൽ സി പരീക്ഷയ്ക്ക് ഉന്നതമായ വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് .

- ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അദ്ധ്യാപകർ സാദാ അർപ്പണബോധവും കാര്യക്ഷമവുമായ പി ടി എ മികച്ച കളിസ്ഥലം , കുട്ടികളുടെ കായിക പഠനം പരിപോഷിപ്പിക്കാനുതകുന്ന സ്പോർട്സ് അക്കാദമി, പോഷക സമ്പുഷ്ടവും സ്വാദിഷ്ഠവുമായ ഉച്ചഭക്ഷണം സംവിധാനം എന്നിവ സ്കൂളിന്റെ മുതൽക്കൂട്ടാണ്

## ആവശ്യകത

- ഉന്നത നിലവാരത്തിലുള്ള സയൻസ് ലാബ് ,കമ്പ്യൂട്ടർ ലാബ് ,ലൈബ്രറി, കളിസ്ഥലം, മൾട്ടി മീഡിയ റൂം, സ്കൂൾ ഹാൾ, കാന്റീൻ എന്നിവ

# പൊതുമേഖലകൾ

## സബ്ജക്ട് കൗൺസിൽ

എല്ലാ വിഷയങ്ങളുടെയും സബ്ജക്ട് കൗൺസിൽ എല്ലാ മാസവും രണ്ടുപ്രാവശ്യം നടക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കണ്ടെത്തി പഠനം കൂടുതൽ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുന്നു

## എസ് ആർ ജി

- എല്ലാ മാസങ്ങളിലും കൃത്യമായി രണ്ടു തവണ എ സ് ആർ ജി മീറ്റിംഗ് വിളിച്ചു ചേർത്ത പഠന പ്രവർത്തനങ്ങളിലെ പ്രശ്നങ്ങളും പോരായ്മകളും ചർച്ച ചെയ്യുകയും അതിനാവശ്യമായ പരിഹാര ബോധന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു
- പഠന പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കുകയും അവയുടെ നടത്തിപ്പിനാവശ്യമായ മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യുന്നു
- നടത്തിയ പഠന പ്രവർത്തനങ്ങളുടെ കൃത്യമായ വിലയിരുത്തലുകൾ നടത്തി ആവശ്യമായ പരിഹാര ബോധനം ചെയ്യുന്നു
- ദിനാചരണങ്ങൾ ഫണ്ട് വിനിയോഗം മൂല്യനിർണയം എന്നിവ ചർച്ച ചെയ്യുന്നു

## പി ടി എ

പി ടി എ യോഗങ്ങൾ കൃത്യമായി നടക്കുന്നു സ്കൂളിലെ ഭൗതിക  സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നു. അച്ചടക്കം ശുചിത്വം എന്നി വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധ   ചെലുത്തുന്നു.

## ക്ലബ് പ്രവർത്തനങ്ങൾ

സയൻസ് ക്ലബ് ,ഗണിത ക്ലബ് ,സാമൂഹ്യ ശാസ്ത്ര ക്ലബ് ,പരിസ്ഥിതി ക്ലബ്, ഹിന്ദി ക്ലബ്, ഇംഗ്ലീഷ് ക്ലബ് ,വിമുക്തി ക്ലബ്, വിദ്യാരംഗം കലാ സാഹിത്യവേദി എന്നിവയുടെ പ്രവർത്തനം സജീവമാണ്.

## ലബോറട്ടറി

സയൻസ് , കമ്പ്യൂട്ടർ   എന്നിവയുള്ള ലാബുകളിൽ ഉപകരണങ്ങളുടെ ലഭ്യതക്കുറവുണ്ടെങ്കിലും കുട്ടികൾക്ക് അത്യാവശ്യം വേണ്ട പരീക്ഷണങ്ങൾ നടത്തി അറിവ് മെച്ചപ്പെടുത്താൻ കഴിയുന്നു

# റിസൾട്ട്

കഴിഞ്ഞ അഞ്ചു വർഷമായി എസ് എസ് എൽ സി പരീക്ഷയ്ക്ക് ഉന്നതവിജയ കൈവരിക്കുന്നു അക്കാദമിക കാര്യങ്ങളിൽ മികവ് പുലർത്തുന്നതിനോടൊപ്പം പരീക്ഷയ്ക്ക് കൂടുതൽ കുട്ടികൾക്ക് കൂടുതൽ വിഷയങ്ങൾക്ക് എ പ്ലസ് ലഭ്യമാകാനാവശ്യമായ പ്രവർത്തനങ്ങൾ പി ടി എ യുടെ സഹായത്താൽ നടത്തിവരുന്നു .

## SSLC RESULTS ANALYSIS (സഫലം) 2025

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | FIRST LANGUAGE (PAPER II) | 18 | 16 | 7 | 9 | 4 | 2 | 0 | 0 | 0 | 56 |
| 3 | ENGLISH | 6 | 5 | 8 | 13 | 11 | 9 | 4 | 0 | 0 | 56 |
| 4 | THIRD LANGUAGE | 9 | 3 | 6 | 14 | 14 | 9 | 1 | 0 | 0 | 56 |
| 5 | SOCIAL SCIENCE | 5 | 3 | 5 | 9 | 15 | 10 | 9 | 0 | 0 | 56 |
| 6 | PHYSICS | 8 | 4 | 6 | 14 | 10 | 13 | 1 | 0 | 0 | 56 |
| 7 | CHEMISTRY | 7 | 6 | 4 | 14 | 7 | 5 | 13 | 0 | 0 | 56 |
| 8 | BIOLOGY | 7 | 4 | 9 | 12 | 8 | 9 | 7 | 0 | 0 | 56 |
| 9 | MATHEMATICS | 8 | 4 | 6 | 11 | 7 | 6 | 14 | 0 | 0 | 56 |
| 10 | INFORMATION TECHNOLOGY(IT) | 37 | 10 | 7 | 2 | 0 | 0 | 0 | 0 | 0 | 56 |

# ലൈബ്രറി ശാക്തീകരണം

## ഉദ്ദേശ്യം : സ്കൂൾ ലൈബ്രറി, ക്ലാസ്സ്റൂം ലൈബ്രറി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി ഒരുക്കൽ | ക്ലാസ് ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവ കുട്ടികൾ പൊതുവായനശാല ക്ലബ്ബ്കൾ രക്ഷിതാക്കൾ റസിഡൻസ് അസോസിയേഷൻ സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും ശേഖരിക്കുന്നു | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ക്ലാസ് അദ്ധ്യാപകർ, ലൈബ്രറി ചുമതലയുള്ള അദ്ധ്യാപകൻ, പി ടി എ. | സ്പോൺസർഷിപ് , പി. ടി. എ |
| വായനക്കൂട്ടം രൂപീകരിക്കൽ | ക്ലാസ് തല, സ്കൂൾതല വായനക്കൂട്ടങ്ങൾ രൂപീകരിക്കൽ , ലീഡർമാരെ തിരഞ്ഞെടുക്കൽ | ജൂൺ രണ്ടാം വാരം | ലൈബ്രറി ചുമതലയുള്ള അദ്ധ്യാപകൻ / അദ്ധ്യാപിക. എസ്. ആർ. ജി | സ്പോൺസർഷിപ് , പി. ടി. എ |
| ആസ്വാദനക്കുറിപ്പ് | മാസത്തിൽ ഒരിക്കൽ ക്ലാസ് തലത്തിൽ വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ് അദ്ധ്യാപകർ, ലൈബ്രറി ചുമതലയുള്ള അദ്ധ്യാപകൻ. | സ്പോൺസർഷിപ് , പി. ടി. എ |
| അവതരണം | മികച്ച സൃഷ്ടികൾ, ആസ്വാദനക്കുറിപ്പുകൾ, നിരൂപണങ്ങൾ എന്നിവ സർഗ്ഗവേള പീരിഡുകൾ, സ്കൂൾ അസംബ്ലി കൂടാതെ മറ്റു വേദികളിലും അവതരിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ലൈബ്രറി ചുമതലയുള്ള അദ്ധ്യാപകൻ / അദ്ധ്യാപിക. വിദ്യാരംഗം കലാസാഹിത്യവേദി കൺവീനർ | സ്പോൺസർഷിപ് , പി. ടി. എ |
| മോണിറ്ററിങ് | മികച്ച സൃഷ്ടികൾ , കുറിപ്പുകൾ എന്നിവ ക്ലാസ് , സ്കൂൾ തലങ്ങളിൽ കണ്ടെത്തി പ്രോത്സാഹനങ്ങൾ നൽകുക | ജൂൺ മുതൽ ഫെബ്രുവരി വരെ | എസ്.ആർ. ജി , വിദ്യാരംഗം കലാസാഹിത്യവേദി കൺവീനർ , എച് .എം | സ്പോൺസർഷിപ് , പി. ടി. എ |
| വിലയിരുത്തൽ | ഒരു വർഷം നടത്തിയ പരിപാടികളുടെ സമഗ്ര വിലയിരുത്തൽ | മാർച്ച് മാസം | എസ്. ആർ. ജി , എച് .എം | സ്പോൺസർഷിപ് , പി. ടി. എ |

# ഗൈഡൻസ് & കൗൺസിലിംഗ്

5, 6, 7, 8, 9, 10 ക്ലാസുകളിലെ കുട്ടികൾ അനുഭവിക്കുന്ന വിവിധങ്ങളായ മാനസിക സമ്മർദ്ദങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ വൈകാരിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക ഉപരിപഠനം സാധ്യതകൾ തൊഴിലവസരങ്ങൾ നൈപുണി ശേഷി വികസനം എന്നിവ സംബന്ധിച്ച് ധാരണ നൽകുക

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്നുള്ള ഉറപ്പില്ലായ്മ | കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകളും മോട്ടിവേഷൻ ക്ലാസുകളും സംഘടിപ്പിക്കുക | 2024 – 25 അധ്യയന വർഷം | പി ടി എ | പി ടി എ<br>ബി ആർ സി<br>ആർ എം എസ് എ |
| പല പ്രശ്നങ്ങളും രക്ഷിതാക്കളുമായി പങ്കുവയ്ക്കാൻ കുട്ടികൾ ഇഷ്ടപ്പെടുന്നില്ല | കുട്ടികൾക്ക് വൈകാരിക പിന്തുണ നൽകുക. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക | | പി ടി എ | |
| ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവില്ലായ്മ | വിദ്യാർഥികൾക്ക് മോട്ടിവേഷൻ ക്ലാസുകൾ കരിയർ ഗൈഡൻസ് ക്ലാസുകൾ എന്നിവ നടത്തുക | | പി ടി എ | |
| രക്ഷിതാക്കൾക്ക് പ്രശ്നങ്ങളെ സംബന്ധിച്ച് അറിവില്ലായ്മ, സമയക്കുറവ് | രക്ഷാകർത്ത ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക | | പി ടി എ<br>എം പി ടി എ | |
| കുട്ടികൾ സ്വയമേവ പ്രശ്നം പരിഹാര സാധ്യതകൾ കണ്ടെത്താനും അവയെ പ്രോത്സാഹിപ്പിക്കാനുള്ള രക്ഷിതാക്കളുടെ വിമുഖത | അധ്യാപകരുടെയും പിടിഎയുടെ നേതൃത്വത്തിൽ ഗൃഹസന്ദർശന പരിപാടികൾ സംഘടിപ്പിക്കുക | | പി ടി എ<br>എം പി ടി എ<br>എസ് എസ് ജി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

### ആമുഖം

മാതൃഭാഷയുടെ പ്രാധാന്യം അനുദിനം വർദ്ധിച്ചു വരികയാണ്. മാതൃഭാഷയിൽ അടിസ്ഥാനശേഷി നേടേണ്ടത് ആവശ്യമാണ്. ഹൃദയത്തിൻറെ ഭാഷയാണ് മാതൃഭാഷ. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടക്കുന്ന ഈ അവസരത്തിൽ അടിസ്ഥാന ഭാഷാശേഷി നേടാത്ത കുട്ടികളെ ആ ശേഷി കൈവരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾക്കാണ് രൂപം കൊടുക്കേണ്ടത്.

## മാതൃഭാഷ പഠന പ്രശ്നങ്ങൾ

**അക്കാദമികം**

- മുൻ ക്ലാസിൽ നേടേണ്ട ശേഷികൾ എല്ലാ കുട്ടികളും ശരിയായ രീതിയിൽ നേടുന്നില്ല .
- എട്ടു മുതൽ പത്ത് വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് പാഠ്യപദ്ധതിയിൽ സൂചിപ്പിച്ച ശേഷികൾ കൈവരിക്കാൻ കഴിയുന്നില്ല.
- സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല
- പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠന സാമഗ്രികൾ ഐ സി ടി എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല

**ഭൗതികം**

- പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായകമായ ക്ലാസ് മുറികൾ ലാബ് ഐസിടി സൗകര്യങ്ങൾ എന്നിവയുടെ അഭാവം
- ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറിയുടെ അഭാവം

**സാമൂഹികം**

- വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ കാര്യങ്ങൾ നിറവേറ്റുന്നതിന് സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല

## ക്ലാസ് റൂം പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും

- മുൻ ക്ലാസിൽ നേടേണ്ട ശേഷികൾ എല്ലാ കുട്ടികളും ശരിയായ രീതിയിൽ നേടുന്നില്ല എന്ന പ്രശ്ന പരിഹാരത്തിന് പ്രീ ടെസ്റ്റ് നടത്തി നിലവാരം കണ്ടെത്തി പകർത്തിയെഴുത്ത്, കോപ്പിയെഴുത്ത്, പത്രവായന എന്നിവയിലൂടെ കുട്ടികളുടെ ശേഷി വികസിപ്പിക്കുക

- വ്യത്യസ്ത നിലവാരമുള്ള കുട്ടികളെ ഒരുമിച്ച് കൊണ്ടുപോകാൻ കഴിയുന്നില്ല എന്ന പ്രശ്നം പരിഹാരത്തിന് എല്ലാ കുട്ടികളെയും പരിഗണിക്കാവുന്ന രീതിയിൽ വ്യത്യസ്ത ക്ലാസ് റൂം പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക

- കുട്ടികളുടെ പഠനനിലവാരം കൃത്യമായി മനസ്സിലാക്കാൻ രക്ഷിതാക്കൾ സ്കൂളുകളുമായി വേണ്ടത്ര ബന്ധംപുലർത്താത്തതു മൂലം അവരുടെ പഠന പഠനം മെച്ചപ്പെടുത്താൻ കഴിയാതെ വരുന്നുണ്ട് . ഇത് പരിഹരിക്കാൻ സിപിടിഎ, പിടിഎ എന്നിവയുടെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം നടത്തി വീട്ടിലെ സാമൂഹ്യ അന്തരീക്ഷം മനസ്സിലാക്കി പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു

- കുട്ടികളിലെ സർഗാത്മക ശേഷികൾ കണ്ടെത്താനും അവയെ പരിപോഷിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ നൽകാൻ കഴിയുന്നില്ല. ഈ പ്രശ്നപരിഹാരത്തിനായി സർഗ്ഗവേള പിരീഡുകളിലും ഒഴിവുസമയങ്ങളിലും ലഭ്യമാകുന്ന സമയം സർഗാത്മകശേഷികൾ വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

- വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വായനക്കുള്ള പുസ്തകങ്ങൾ ലഭ്യമാക്കുക, ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുക, കയ്യെഴുത്ത് മാസികകൾ തയ്യാറാക്കുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെയും സർഗാത്മകശേഷികൾ വർദ്ധിപ്പിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക. കൂടാതെ ശില്പശാലകളും കലാസാംസ്കാരിക പരിപാടികളും സ്കൂൾ തലത്തിൽ നടത്തുക.

## മലയാളം

ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1)എല്ലാ കുട്ടികൾക്കും മലയാളം അനായാസമായ ി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ ,നവപ്രഭ )ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | 1)അക്ഷരമുറപ്പി ക്കൽ<br><br>2) ചിഹ്നം ഉറപ്പിക്കൽ<br><br>3)പദനിർമ്മാണ ം<br>4) വാക്യ നിർമ്മാണം<br><br>5)ഭാഷാപരമായ ി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | രണ്ടുമാസം<br>1 വർഷക്കാലം | മലയാളം ടീച്ചർ<br>SRG | പിടിഎ<br>ഡിപ്പാർട്ട്മെൻറ് |
| 2)എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാ ക്കുക | 1.ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br><br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br><br>3.പുതുവർഷം പുസ്തക വർഷം<br>4. ക്ലാസ് നിലവാരത്തിന നുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br><br>5.വായനയ്ക്ക് ഒരു വാർഷിക പദ്ധതി ( ഓരോ ക്ലാസിലെയും | ആറു മാസം ഒരു വർഷം<br><br>ആവശ്യമനുസര ിച്ച്<br><br>3 മാസം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br><br>മലയാളം അധ്യാപകർ<br>SRG | PTA |

| | | | | |
|---|---|---|---|---|
| | വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br><br>7.റീഡിങ് റൂം പ്രത്യേകം സൗകര്യമൊരുക്കൽ<br><br>8.വായനോത്സവം<br><br>9.ജന്മദിന പുസ്തകം<br><br>10.പത്രവായന | 6 മാസം ഒരു വർഷം | ,മലയാളം ടീച്ചർ, | 10000 |
| പത്രവായന പരിപോഷിപ്പിക്കുക | പത്രവായന _പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br><br>ഓരോ ക്ലാസിനും ഓരോ പത്രം<br><br>രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം<br><br>പത്ര ക്വിസ് | മൂന്നുമാസം<br><br>ദിവസേന<br><br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്<br><br>മലയാളം അധ്യാപകർ | PTA<br><br>PTA |

ഹിന്ദി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കുവാനും ഉള്ള കഴിവ് ഉണ്ടാക്കുക<br><br>ഹിന്ദി വ്യാകരണം മനസിലാക്കുക<br><br>രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിച്ച് ചെറുകഥകൾ ചെറു നോവലുകൾ എന്നിവ എഴുതുവാനുള്ള താല്പര്യം ജനിപ്പിക്കുക<br><br>അനായാസം ഹിന്ദി സംസാരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക | ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ |
| | സ്കൂൾ ലൈബ്രറിയിലെ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങളുടെ വായന പ്രോത്സാഹിപ്പിക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | ആവശ്യമില്ല |
| | ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക | | | |
| | മാസത്തിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | ഹിന്ദി നാടകം നടത്തുക | | | |
| | കുട്ടികളെ കൊണ്ട് ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക | മാസത്തിൽ | ഹിന്ദി അധ്യാപകർ | ആവശ്യമില്ല |
| | ഹിന്ദി പ്രസംഗം കവിതാലാപനം ഇവ പരിപോഷിപ്പിക്കുക | | | |
| | പിന്നാക്ക വിദ്യാർത്ഥികൾക്കായി അധികസമയം എടുത്ത് വിവിധ അക്ഷര ചാർട്ടുകൾ , IT സാധ്യതകൾ എന്നിവ ഉപയോഗിച്ച് നിലവാരം ഉയർത്തുക | സെപ്റ്റംബർ മുതൽ | പൂർവ്വ വിദ്യാർത്ഥികൾ | പൂർവ്വ വിദ്യാർത്ഥികൾ |
| | | ഒക്ടോബർ മുതൽ | സ്കൂൾ പി.ടി എ | PTA |
| | | നവംബർ മുതൽ | ഹിന്ദി അധ്യാപകർ | ഹിന്ദി അധ്യാപകർ |
| | | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | ഹിന്ദി അധ്യാപകർ |

# സംസ്കൃതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ കാലം അക്ഷരം , ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെ ത്താനും പഠിപ്പിക്കുന്നു. | ഐസിടിയുടെ സഹായത്തോടെ അക്ഷരമാല നൽകുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെ ടുത്തുന്നു. | ഹ്രസ്വം ജൂൺ- ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെ ടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതീയതി സംസ്കൃതത്തിൽ എഴുതാൻ പറയുന്നു. | മധ്യം ഓഗസ്റ്റ്- സെപ്റ്റംബർ |
| സംസ്കൃതം അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. ഭാഷ പഠിക്കുമ്പോൾ കുട്ടിക്ക് കിട്ടേണ്ട സംസ്കാരം ലഭിക്കുവാനുള്ള പ്രവര്ത്തനം | കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. കാർട്ടൂൺ ചെ റുകവിതകൾ തുടങ്ങിയവ വായനയ്ക്ക് നൽകുന്നു. സഹജീവി സ്നേഹം , ദയ , കരുണ , സ്നേഹം തുടങ്ങിയ മേഖ ലകളിലൂടെ ഉള്ള പുരാണ – ഇതിഹാസ വിഷയങ്ങുടെ പഠനം | ദീർഘം ഡിസംബർ- ജനുവരി ദീര്ഘം |

## അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|
| ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഉള്ള സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | മുന്നറിയിപ്പ് പരിശോധിക്കൽ,അക്ഷരങ്ങൾ ഉറപ്പിക്കൽ,വാചകങ്ങൾ നിർമ്മിക്കൽ,ഭാഷാ കളികൾ | രണ്ടുമാസം | പുസ്തകങ്ങൾ | പിടിഎ |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | വായന മത്സരം,വായന കുറിപ്പുകൾ,മാഗസിൻ, | ആറുമാസം | പുസ്തകങ്ങൾ, മാഗസിനുകൾ | പിടിഎ |
| വായനയിലൂടെയും എഴുത്തിലൂടെയു ം ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക | പോസ്റ്ററുകൾ , ഭാഷാകളികൾ , കുറിപ്പ് ശേഖരണം | 12 മാസം | ചാർട്ടുകൾ | പിടിഎ |
| | | | | |

| | | | | |
|---|---|---|---|---|
| ഭാഷാപഠനത്തിൽ ഐടിസാധ്യത ഉപയോഗപ്പെടുത്തൽ | ആശയവിനിമയവേദി( ക്ലാസ് തലം) വീഡിയോ പ്രദർശനം,അറബിക് മേള | ഒരു വർഷം | ഐ സി ടി പുസ്തകങ്ങൾ | പിടിഎ |
| സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | സ്മാർട്ട് ക്ലാസ്സ് റൂം ,ആനിമേഷൻസാഹിത്യ ശേഖരണം | ഒരു വർഷം | | പിടിഎ,മാനേജ്മെൻറ് |

ഇംഗ്ലീഷ്

ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | ദൈനംദിന ക്ലാസ്സ് റൂം സംഭാഷണങ്ങൾ ,ഗ്രൂപ്പ് ചർച്ചകൾ ,പത്ര വായന | രണ്ടുമാസം | ഇംഗ്ലീഷ് ടീച്ചർ | പിടിഎ മാനേജ്മെൻറ് (1000) |
| സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക | ഇംഗ്ലീഷ് മാസികകൾ ,പ്രസിദ്ധീകരണങ്ങൾ ,എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക | രണ്ടുമാസം | ഇംഗ്ലീഷ് ടീച്ചർ | പൂർവ്വ വിദ്യാർത്ഥി സംഘടന മാനേജ്മെൻറ് (2000) |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് നാടകീകരണം കവിതാലാപനം സംവാദം എന്നിവയ്ക്ക് അവസരം ഒരുക്കുക | ഇംഗ്ലീഷ് തീയേറ്റർ ,റോൾ പ്ലേ ,സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക | രണ്ടുമാസം | ഇംഗ്ലീഷ് ടീച്ചർ | പിടിഎ മാനേജ്മെൻറ് (500) |
| സാങ്കേതികവിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികാസത്തിന് പ്രയോജനപ്പെടുത്തുക | ഓൺലൈൻ പഠന അപ്ലിക്കേഷനുകൾ ഓഡിയോ വീഡിയോ ഉറവിടങ്ങൾ | രണ്ടുമാസം | ഇംഗ്ലീഷ് ടീച്ചർ | പിടിഎ മാനേജ്മെൻറ് (1000) |

# അടിസ്ഥാന ശാസ്ത്രം

## പഠന പ്രശ്നങ്ങൾ

- കുട്ടികൾ പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികളും ആശയങ്ങളും കൈവരിക്കുന്നില്ല. കുട്ടികൾക്ക് പഠനാനുഭവങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.

- താഴ്ന്ന ക്ലാസുകളിൽ ആർജിക്കേണ്ട കഴിവുകൾ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയാത്തതാണ് ഇതിൻറെ പ്രശ്നം ഇത് പരിഹരിക്കാൻ പാഠഭാഗം തുടങ്ങുന്നതിനു മുൻപ് ആവശ്യമായ മുൻകാല അറിവുകൾ ലഭ്യമായോ എന്ന് മനസ്സിലാക്കി ഇല്ലെങ്കിൽ ആവശ്യമായ പരിഹാരബോധനം പ്രക്രിയകൾ ചെയ്യുക.

- ഐ സി ടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക, ലാബ് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക എന്നിവയിലൂടെ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തി ഗുണപരമായ മാറ്റങ്ങൾ ഉറപ്പുവരുത്താം.

- ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത അക്കാദമിക കാര്യങ്ങളിൽ കാര്യമായ പുരോഗതിക്ക് തടസ്സമായി തീരുന്നു. ലാബ് സൗകര്യം പരമാവധി മെച്ചപ്പെടുത്തുന്നതിലൂടെ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്താം

- കുട്ടികളിൽ പരിമിതമായ ശാസ്ത്ര ബോധവും ശാസ്ത്ര അഭിരുചിയും ഇന്ന് നാം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് . ഇതു പരിഹരിക്കാൻ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രമേള, സംവാദം, ശാസ്ത്ര ക്വിസ്, ശാസ്ത്ര നാടകങ്ങൾ, പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സയൻസ് എക്സിബിഷൻ തുടങ്ങിയവ സ്കൂൾതലത്തിൽ സംഘടിപ്പിക്കുന്നു.

# സയൻസ് (ഫിസിക്സ്, കെമിസ്ട്രി, ബിയോളജി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.സയൻസ് ലാബ് നവീകരണം. | ഫിസിക്സ്, കെമിസ്ട്രി, ബിയോളജി എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ രാസവസ്തുക്കൾ മോഡലുകൾ എന്നിവ പ്രത്യേകം സംഘടിപ്പിക്കുകയും വ്യത്യസ്ത ഭാഗങ്ങളിൽ ക്രമീകരിക്കുകയും ചെയ്യുക. ലാബ് പൂർണതോതിൽ ഉപയോഗയോഗ്യമാക്കുക. | ജൂൺ മാസം | സ്കൂൾ പി ടി എ, മാനേജ്മന്റ്,സയൻസ് അദ്ധ്യാപകർ | സ്കൂൾ പി ടി എ, മാനേജ്മന്റ് |
| 2.കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ അവതരിപ്പിക്കുക. സ്കൂൾതല ശാസ്ത്രമേളകളിലൂടെ പൊതുസമൂഹത്തിനു സാക്ഷ്യപെടുത്തുക. സർവ്വേ, നിരീക്ഷണം, അഭിമുഖം, ചർച്ച, ഗവേഷണാത്മക പ്രൊജക്റ്റ് എന്നിവ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | എസ് ആർ ജി , സയൻസ് അദ്ധ്യാപകർ | |
| 3.ശാസ്ത്രമേളകളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക. | ഓഗസ്റ്റ് മുതൽ നവംബർ വരെ. | സ്കൂൾ പി ടി എ, എസ് ആർ ജി , സയൻസ് അദ്ധ്യാപകർ, പൂർവ വിദ്യാർഥികൾ | സ്കൂൾ പി ടി എ, മാനേജ്മന്റ് |
| 4.പഠന പിന്നോക്കമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | അദ്ധ്യാപകൻ - വിദ്യാർത്ഥി , വിദ്യാർത്ഥി - വിദ്യാർത്ഥി എന്നിങ്ങനെ ദ്വിതല പരിശീലനം മാസത്തിൽ | അക്കാദമിക വർഷം | സ്കൂൾ പി ടി എ, എസ് ആർ ജി , സയൻസ് അദ്ധ്യാപകർ, പൂർവ വിദ്യാർഥികൾ, | സ്കൂൾ പി ടി എ, മാനേജ്മന്റ് |

| | | | | |
|---|---|---|---|---|
| | ഒരു തവണ നടത്തുക. | | സന്നദ്ധ സംഘടനകൾ | |
| 5. ശാസ്ത്ര മാസിക , ശാസ്ത്രജ്ഞരുടെ ജീവിത കുറിപ്പ് തയ്യാറാക്കൽ. ദിനാചരണങ്ങൾ സംഘടിപ്പിക്കുക | പത്രം,വിവരസാങ്കേതിക മേഖലകൾ,സാമൂഹ്യ മാധ്യമങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ കഥകൾ കവിതകൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്ര മാസികകൾ, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കുക.വിദഗ്ധരെ ഉൾപ്പെടുത്തി നിർമാണ പ്രവർത്തനങ്ങൾ, ശില്പശാല എന്നിവ സംഘടിപ്പിക്കുക. | അക്കാദമിക വർഷത്തിൽ ഒരു തവണ | സ്കൂൾ പി ടി എ, എസ് ആർ ജി , സയൻസ് അദ്ധ്യാപകർ, സയൻസ് ക്ലബ് . | സ്കൂൾ പി ടി എ, മാനേജ്മന്റ് |
| 6.മോഡൽ നിർമ്മാണം, ചോദ്യപേപ്പർ നിർമ്മാണം, ശില്പശാല, എൽ ഇ ഡി നിർമ്മാണം | തെരഞ്ഞെടുത്ത വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ചോദ്യപേപ്പർ നിർമാണവും അത് ഉപയോഗപ്പെടുത്തി പരീക്ഷ ക്ലാസ്സുകളിൽ നടത്തിപ്പും. എൽ ഇ ഡി നിർമ്മാണ ശില്പശാല. | ആറു മാസത്തി ലൊരിക്കൽ. | സ്കൂൾ പി ടി എ, എസ് ആർ ജി , സയൻസ് അദ്ധ്യാപകർ, സയൻസ് ക്ലബ് | സ്കൂൾ പി ടി എ, മാനേജ്മന്റ് |
| 7.പാരമ്പര്യേതര ഉർജ്ജസ്രോതസുകളുടെ ഉപയോഗം | സൗരോർജ പാനലുകൾ സ്ഥാപിച്ച സ്കൂളിനാവസ്യമായ വൈദ്യുതി നിർമ്മാണം | ഒരു വർഷം | സ്കൂൾ പി ടി എ, മാനേജ്മന്റ്. | സ്കൂൾ പി ടി എ, മാനേജ്മന്റ് |

# സോഷ്യൽ സയൻസ്

സാമൂഹ്യശാസ്ത്ര പഠനത്തിന് മാനവിക വിഷയവുമായി ബന്ധപ്പെട്ട ചരിത്രം, രാഷ്ട്രതന്ത്രം, സാമൂഹ്യ ശാസ്ത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നിവയാണ് വിലയിരുത്തുന്നത്. എട്ടു മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പഠന മികവ് ഉണ്ടാക്കുകയാണ് ലക്ഷ്യം. ഈ വിഷയങ്ങൾ ക്ലാസ് മുറിയിൽ പഠിപ്പിക്കുമ്പോൾ മാത്രമാണ് നേരിടുന്ന വെല്ലുവിളികൾ ബോധ്യമാവുക. വിദ്യാഭ്യാസം തൊഴിൽ നേടാനുള്ള വഴിയായി മാറ്റിയ സമൂഹത്തിൻറെ തെറ്റായ കാഴ്ചപ്പാടിനെയാണ് മാറ്റിമറിക്കേണ്ടത്. മാനവിക വിഷയങ്ങൾ പഠിക്കുന്ന കുട്ടിയുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക തലങ്ങളും പഠനവിഷയമാക്കണം. വികസിത രാജ്യങ്ങളിൽ ഏറെ പ്രാധാന്യങ്ങളിൽ പ്രാധാന്യം നൽകി പഠിപ്പിക്കുന്ന മാനവിക വിഷയങ്ങൾക്ക് നമ്മൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല ഇത് അടിയന്തരമായി പരിഹരിച്ച് സാമൂഹ്യശാസ്ത്ര പഠന നിലവാരം പരമാവധി മെച്ചപ്പെടുത്തേണ്ടതുണ്ട്.

## പഠന പ്രശ്നങ്ങൾ

- മുൻ ക്ലാസുകളിൽ ആർജിക്കേണ്ട കഴിവുകൾ നേടാത്തതും സാമൂഹ്യശാസ്ത്ര വിഷയത്തോടുള്ള വിമുഖതയും.
- എൻട്രി ലെവൽ പ്രീ ടെസ്റ്റിലൂടെ കുട്ടികളുടെ പഠന നിലവാരം നിർണയിച്ച് പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് അവ കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- പഠനാനുഭവങ്ങളെ നിത്യജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല.
- ഇത് പരിഹരിക്കാൻ വിഷയ സമിതികൾ ചേർന്ന് നിത്യജീവിതവുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ കണ്ടെത്തി പരിപാടികൾ സംഘടിപ്പിക്കുക. ക്ലാസ് ലൈബ്രറികളും സ്കൂൾ ലൈബ്രറികളും ഉപയോഗപ്പെടുത്തി പരന്ന വായനയ്ക്കുള്ള അവസരം ഒരുക്കുക

# സാമൂഹ്യ ശാസ്ത്രം

ഹൈസ്കൂൾ - യു പി വിഭാഗം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക<br>2.ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക | സ്കൂൾ ജനാധിപത്യ വേദി ശക്തിപ്പെടുത്തൽ<br><br>ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നാട്ടിൽ നടക്കുന്ന തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടുത്താനുള്ള അവസരമാക്കി മാറ്റൽ<br><br>ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | 2 മാസം | സോഷ്യൽ സയൻസ് അധ്യാപകൻ | പിടിഎ മാനേജ്മെൻറ് 500 |
| 3.സമൂഹത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാക്കാനും സഹായിക്കുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് വിഷയങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചകൾ<br><br>അഭിമുഖം<br><br>ബോധവൽക്കരണ പ്രവർത്തനങ്ങൾ | 2 മാസം | സോഷ്യൽ സയൻസ് അധ്യാപകൻ | പിടിഎ പൂർവ്വ വിദ്യാർത്ഥി സംഘടന 2000 |

| | | | | |
|---|---|---|---|---|
| | പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ | | | |
| 4.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ഐസിടി റിസോഴ്സുകൾ ഉപയോഗിക്കുക | അവശ്യ സമയങ്ങളിൽ | സോഷ്യൽ സയൻസ് അധ്യാപകൻ | മാനേജ്മെൻറ് 2000 |
| 5.പ്രാദേശികമായ വിഷയങ്ങളെക്കുറിച്ചുള്ള വിവരശേഖരണം | പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br><br>പ്രാദേശിക ജനപ്രതിനിധികളുമായുള്ള സംഭാഷണം<br><br>പ്രാദേശിക ചരിത്രരചന | 3 മാസം | സോഷ്യൽ സയൻസ് അധ്യാപകൻ SRG | പിടിഎ മാനേജ്മെൻറ് |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1 വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു<br>2 ക്ലാസിലെ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ- ജൂലൈ | ഗണിത അധ്യാപിക | പിടിഎ |
| ഗണിത ലാബ് സജ്ജമാക്കൽ | ലാബ് സജ്ജീകരണം- ഓണാവധിക്കാലത്ത് | മൂന്നുമാസം | പിടിഎ, ഗണിത അധ്യാപിക | 15000 പിടിഎ,മാനേജ്മെൻറ് |
| 1 ഗണിത ക്ലിനിക്<br>2 ഗണിത ലൈബ്രറി | 1.ഏറ്റവും മികച്ച വിദ്യാർഥികളെയും അധ്യാപകരെയുംഉൾപ്പെടുത്തി ഗണിത ക്ലിനിക്ക്<br>2 ഗണിത പുസ്തകങ്ങൾവിതരണം ചെയ്യുന്നു.ഗണിത പ്രവർത്തനങ്ങൾക്കായ്ഇവ ഉപയോഗിക്കുന്നു. | ഒരു വർഷം | ഗണിത അധ്യാപിക | പി ടി എ |